# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ശിവദാസൻ.വി യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1218/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 28/04/2018

പരാമർശം : 1) ശ്രീ.ശിവദാസൻ.വി യുടെ 02/06/2017 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ.

2) ശ്രീ.ശിവദാസൻ.വി യുടെ 31/03/2016, 22/10/2016, 29/03/2017, 03/06/2017 തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.

3) ശ്രീ.ശിവദാസൻ.വി യുടെ 01/07/2017 തീയതിയിലെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

4) നഗരകാര്യ ഡയറക്ടറുടെ 11/12/2017 തീയതിയിലെ ഇ 2-7533/2017 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ശിവദാസൻ,.വി പക്ഷാഘാതം വന്ന് കിടപ്പിലായതിനാൽ, 01/04/2016 മുതൽ 30/06/2017 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി അനുവദിക്കുന്നതിനുള്ള ടിയാന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ, സൂചന (2), (3) പ്രകാരമുള്ള മെഡിക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ സഹിതം, പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ പ്രകാരമുള്ള അവധി ചട്ടങ്ങൾ ബാധകമല്ല. അവർക്ക് പ്രത്യേക അവധിചട്ടം രൂപീകരിച്ചിട്ടില്ലാത്തതിനാൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ സാനിട്ടേഷൻ വർക്കറായ ശ്രീ.ശിവദാസൻ.വി പക്ഷാഘാതം വന്ന് കിടപ്പിലായിരുന്നുവെന്ന റിപ്പോർട്ടിന്റെയടിസ്ഥാനത്തിലും, ടിയാൻ സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിലും, 01.04.2016 മുതൽ 30.06.2017 വരെയുള്ള കാലയളവിലേക്ക് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

വി.എസ് സന്തോഷ്

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ